മരാമത്തു വകുപ്പുമന്ത്രി *(ശ്രീ. എം. കെ. മുനീർ)*:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് ഈ വർഷം ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) തുകയൊന്നും കിട്ടാനില്ല.

(സി) ബാധകമല്ല.

ഗവൺമെന്റ് കോളേജുകളുടെ വികസനത്തിന് പ്രത്യേക പദ്ധതി

*13 [616] *ശ്രീ. സാജുപോൾ:*

,, *കോടിയേരി ബാലകൃഷ്ണൻ:*

,, *എം. വി. ഗോവിന്ദൻ മാസ്റ്റർ:*

,, *മത്തായി ചാക്കോ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കോളേജുകളിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) സർക്കാർ കോളേജുകളിൽ പുതിയ കെട്ടിടങ്ങൾ നിർത്തിക്കാനുള്ള നിർദ്ദേശങ്ങൾ കോളേജ് വിദ്യാഭ്യാസ കമ്മിഷനിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) നഗരത്തിനു പുറത്തുള്ളവയും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന കുട്ടികൾ പഠിക്കുന്നതുമായ കോളേജുകളുടെ സമഗ്രവികസനത്തിനായി പ്രത്യേക പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*:

(എ) ഗവൺമെന്റ് കോളേജുകളിലെ ലബോറട്ടറികൾ, ലൈബ്രറികൾ എന്നിവ ആധുനികവൽക്കരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റും 395 ലക്ഷം രൂപ 2005-2006 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ പുതിയ വിവരസാങ്കേതിക വിദ്യ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനായി ഐ.റ്റി. ഗ്രിഡ്, എഡ്യൂസാറ്റ് എന്നിവയും കൂടി പദ്ധതി വിഹിതത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇവ കൂടാതെ യു. ജി. സി.-യിൽ നിന്ന് കൂടുതൽ ധനസഹായത്തിനായി പ്രത്യേക പാക്കേജ് സ്കീം പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കോളേജ് അധികാരികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് കെട്ടിടം അറ്റകുറ്റപണികളും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നടത്താറുണ്ട്.

(ബി) സർക്കാർ കോളേജുകളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ കോളേജ് വിദ്യാഭ്യാസ കമ്മിഷനിൽനിന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly